## ഹെലിബറിയ കുടിവെള്ള പദ്ധതി

**166 (4969)** ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹെലിബറിയ കുടിവെള്ള പദ്ധതി അനുവദിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ ; നാളിതുവരെയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; ഇനി പൂർത്തീകരിക്കുവാനുള്ള വർക്കുകൾ എന്തൊക്കെയാണ് ;

(ബി) പദ്ധതിയിൽ വിഭാവനംചെയ്ത വർക്കുകൾ പൂർത്തീകരിച്ച് എത്ര സമയത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) പദ്ധതിക്കുവേണ്ടി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഹെലിബറിയ കുടിവെള്ള പദ്ധതി അനുവദിച്ചത് 2000-ത്തിലാണ്. ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. പെരുവന്താനം - കൊക്കയാർ എന്നിവിടങ്ങളിലെ ഉയർന്ന പ്രദേശങ്ങളിൽ ജലമെത്തിക്കുന്നതിനുള്ള പദ്ധതി - 700 ലക്ഷം. ഇതിന്റെ 90% പണികൾ പൂർത്തീകരിച്ചു.

2. വണ്ടിപ്പെരിയാറും, പീരുമേട്ടും ജലമെത്തിക്കുന്നതിനുള്ള പദ്ധതി - 900 ലക്ഷം ഇതിൽ ആകെ 15.41 കിലോ മീ. പ്രധാന മെയിനുകളുടെ ജോലികളും 22.15 കി.മീ. വിതരണ ശൃംഖലയുമാണുള്ളത്. വണ്ടിപ്പെരിയാറിനുവേണ്ടിയുള്ള ജോലികൾ കരാറുകാരനെ ഏൽപ്പിച്ചു കഴിഞ്ഞു. പീരുമേടിനു വേണ്ടിയുള്ള പ്രവൃത്തിക്കായുള്ള ടെണ്ടറിന് 30-3-2015-ലെ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റി അനുമതി നൽകിയിരുന്നു. പ്രസ്തുത ടെണ്ടറിന്റെ എൻ.ഐ.റ്റി. പ്രകാരം കരാറുകാരന് പെർഫോർമൻസ് ഗ്യാരന്റി അടയ്ക്കേണ്ടതായിരുന്നു. അത് ഒഴിവാക്കണമെന്നുള്ള കരാറുകാരന്റെ അപേക്ഷ പരിശോധനയിലാണ്.

(ബി) പദ്ധതി 31-5-2016-ൽ കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ മൊത്തം 3060.57 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly